(12)	റജിസ്ട്രേഷൻ	. 1
(13)	പോലീസ്	. 1
	ആകെ	. 23

(സി) 1978–ൽ രണ്ടുപേരെ സർവ്വീസിൽ നിന്നും നീക്കം ചെയ്തു.

ഫയർസ്റ്റേഷനുകൾ

659 [952] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എത്ര ഫയർ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) എത്ര എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്;

(സി) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷനുകൾ ഉണ്ടോ; ഉണ്ടെങ്കിൽ അത് ഏതാണ്;

(ഡി) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചങ്ങനാശ്ശേരി ഫയർ സ്റ്റേഷൻ എത്രയും വേഗം മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതുവരെ ഒന്നും അനുവദിച്ചിട്ടില്ല.

(ബി) 21 (ഫോർട്ടുകൊച്ചി ട്രെയിനിംഗ് സ്കൂൾ ഉൾപ്പെടെ).

(സി) ഉണ്ട്. അവ കായംകുളം, ചങ്ങനാശ്ശേരി, ഇരിങ്ങാലക്കുട, വടകര, കാസർകോഡ്, എന്നിവയാണ്.

(ഡി) നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

കൊല്ലം – പുനലൂർ മീറ്റർഗേജ് ലൈൻ

660 [953] ഡോ: ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേത്രവും സിവിൽ സപ്ലൈസും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം – പുനലൂർ മീറ്റർഗേജ് ലൈൻ ബ്രോഡ്ഗേജ് ആക്കി ഇന്നത്തെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ ഗവൺമെൻറ് ശ്രദ്ധിക്കുമോ;

(ബി) ഒരു വ്യാപാര കേന്ദ്രമായ പുനലൂർ ബ്രോഡ്ഗേജ് ലൈനിൻെറ അഭാവം കൊണ്ട് വികസനത്തിൽ പുറകിലായിട്ടുണ്ടെന്ന് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കൊല്ലം – പുനലൂർ മീറ്റർഗേജ് ലൈൻ ബ്രോഡ്ഗേജ് ആക്കുന്നതിനെപ്പറ്റിയുള്ള നിർദ്ദേശം റെയിൽവേ താരിഫ് എൻക്വയറി കമ്മറ്റിക്കു സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly